(ഡി) ഈ റോഡിന്റെ 'സൈഡ്' പ്രൊട്ടക്ഷൻ പണികളും അത്യാവശ്യമായതിനാൽ എസ്റ്റിമേറ്റ് പ്രകാരവും എഗ്രിമെന്റ് പ്രകാരവും ടെണ്ടർ വിളിച്ചതുപോലെതന്നെ ഈ റോഡിന്റെ പണികളും നടത്തുന്നതിന് ആവശ്യമെങ്കിൽ പ്രത്യേകാനുവാദം നൽകി റോഡുപണി അടിയന്തിരമായി നടത്താൻ വേണ്ട നടപടികളും സ്വീകരിക്കുമോ ?

ഉത്തരം

(എ) 10-2-1986-ൽ

(ബി) നാട്ടുകാരുടെ എതിർപ്പു കാരണം.

(സി, ഡി) വിവരം ശേഖരിച്ചു വരുന്നു.

പഞ്ചായത്ത് കമ്മിറ്റികളുടെ പ്രവർത്തന സ്വാതന്ത്ര്യം

1808 [2733] ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
,, പി. സി. തോമസ് (കടുത്തുരുത്തി) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പഞ്ചായത്തു നിയമവും ചട്ടങ്ങളും പ്രകാരം പഞ്ചായത്തു കമ്മിറ്റികൾക്ക് അനുവദിക്കുന്ന പ്രവർത്തന സ്വാതന്ത്ര്യം ഗവൺമെന്റ് ഇടപെട്ട് നിഷേധിച്ചിരിക്കുന്നതായി അറിയുന്നത് ശരിയാണോ ;

(ബി) എങ്കിൽ പ്രസ്തുത സമീപനം തിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശരിയല്ല.

(ബി) ഉദിക്കുന്നില്ല.

പഞ്ചായത്തുകളിലെ പാർട്ടിതെ തസ്തിക

1809 [2734] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം സ.സ്ഥാനത്ത് പഞ്ചായത്തുകളിൽ പാർട്ടിതെ തസ്തികകളിലേക്ക് എ പ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം 31-10-1986 വരെ എത്ര നിയമനങ്ങൾ നടന്നു ;

(ബി) അതിൽ എത്ര പട്ടികജാതിക്കാർക്ക് നിയമനം കിട്ടി ;

(സി) ഇത് ആകെ നിയമിച്ചവരിൽ എത്ര ശതമാനം ആണ് ;

(ഡി) തൃശ്ശൂർ ജില്ലയിൽ നിയമിച്ചവരിൽ പട്ടികജാതിക്കാർക്ക് മതിയായ പ്രാതിനിധ്യം കിട്ടിയില്ലെന്നുള്ള പരാതിയെപ്പറ്റി അന്വേഷിക്കാമോ ?

ഉത്തരം

(എ) 183.

(ബി) 26.

LIBRARY ARCHIVES Kerala Legislative Assembly